പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 67** **12-10-2026-ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ടുപയോഗിച്ച് കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പാപ്പിനിശ്ശേരി-നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലത്തിന്റെ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി നാറാത്ത് പഞ്ചായത്തുകളെ തമ്മിൽ ബന്ധപ്പിക്കുന്ന കല്ലൂരിക്കടവ് പാലത്തിന് G.O(Rt) No.942/2017/PWD നമ്പർ പ്രകാരം 10/07/2017 തീയ്യതിയിൽ 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പാലത്തിന് വേണ്ടി PWD ഡിസൈൻ വിഭാഗം 34.9 കോടി രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി DPR തയ്യാറാക്കി KIIFB യ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ, പാലത്തിൻ്റെ അപ്രോച്ച് റോഡുകൾ MDR-മായി ബന്ധിപ്പിക്കുവാൻ വേണ്ടി നീളം വർദ്ധിപ്പിക്കേണ്ടത് ആവശ്യമായിരുന്നു അതിനാൽ നാറാത്ത് ഭാഗത്തു 1.34 കി.മി.-ഉം പാപ്പിനിശ്ശേരി ഭാഗത്തു 0.800 കി.മി.-ഉം അനുബന്ധ റോഡിനായി നിർമ്മാണത്തിനായി സർവ്വേ നടത്തി, കൂടാതെ എം.എൽ.എ നിർദ്ദേശിച്ച മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ അലൈൻമെൻ്റ് പ്രകാരം 16.113 കോടി രൂപ അധിക ചിലവ് കണക്കാക്കി approach റോഡുകളുടെ DPR തയ്യാറാക്കുകയും, ആയത് PWD ഡിസൈൻ വിഭാഗം 21.05.2024-ന് കെ.ആർ.എഫ്.ബി.-ക്കു സമർപ്പിച്ചിട്ടുണ്ട്തുടർന്ന് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം DPR കൾ ഏകോപിപ്പിച്ച് റിവൈസ് ചെയ്ത് തരുന്നതിന് വേണ്ടി ചീഫ് എഞ്ചിനീയർ, PWD ഡിസൈൻ വിങ്ങിന് 05.06.2024 തീയതിയിലെ കത്ത് മുഖേന നിർദേശം നൽകുകയും ആയതു പ്രകാരം ഡിസൈൻ വിങ്ങിൽ നിന്നും ലഭ്യമായ 43.13 കോടി രൂപയുടെ Revised DPR സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ 28.12.2024 KRFB സമർപ്പിക്കുകയും ആയത് അവലോകനം ചെയ്ത് ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് SPV(KRFB) ക്ക് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് റിവൈസ്ഡ് DPR SPV(KRFB) സമർപ്പിക്കുകയും, ആയത് പരിശോധിച്ച് തയ്യാറാക്കിയ വിശദമായ അപ്രൈസൽ റിപ്പോർട്ട് ബോർഡ് അംഗീകരിക്കുകയും 45.89

കോടിയുടെ സാമ്പത്തികാനുമതി ഉത്തരവ് PWD016-53/APR-8/2026/KIIFB Dated 26.02.2026 പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**(ബി)** ആയതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടി ആരംഭിച്ചിട്ടുണ്ടോ;

**മറുപടി:** കിഫ്ബിയുടെ അപ്രൈസൽ വിങ്ങ് 24.02.2025 ന് സൈറ്റ് സന്ദർശിക്കുകയും ഭൂവുടമകളിൽ നിന്നും സൗജന്യമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും നിർദ്ദേശിച്ചിരുന്നു.. ആയതിൻ്റെ അടിസ്ഥാനത്തിൽ പദ്ധതിനിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. 07.10.2025-ന് പാപ്പിനിശ്ശേരി, നാറാത്ത് ഗ്രാമ പഞ്ചായത്തുകളിലെ ഭൂ ഉടമകളുമായി മീറ്റിംഗ് നടത്തുകയും സ്ഥലം സൗജന്യമായി വിട്ടുതരാൻ ഭൂ ഉടമകൾ വിസമ്മതിച്ചതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമാണെന്ന് അറിയിച്ചിരുന്നു. ആയതിനാൽ, ഭൂവുടമകൾ സ്ഥലം സൗജന്യമായി വിട്ടുനൽകാൻ വിസമ്മതിച്ചതിനാൽ ലാൻ്റ് അക്വിസിഷൻ നടപടികൾക്കായി FMB ലിസ്റ്റ് ലഭ്യമാക്കുന്നതിന് വേണ്ടി പാപ്പിനിശ്ശേരി, നാറാത്ത് വില്ലേജുകളിൽ അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായാലുടനെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ് എന്നും പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത പ്രവൃത്തിയുടെ വേഗം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**മറുപടി:** ഭൂവുടമകൾ സ്ഥലം സൗജന്യമായി വിട്ടുനൽകാൻ വിസമ്മതിച്ചതിനാൽ ലാൻ്റ് അക്വിസിഷൻ നടപടികൾക്കായി FMB ലിസ്റ്റ് ലഭ്യമാക്കുന്നതിന് വേണ്ടി പാപ്പിനിശ്ശേരി, നാറാത്ത് വില്ലേജുകളിൽ അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായാലുടനെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ് എന്നും പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. 13.08.2026-ന് നടന്ന കിഫ്ബി ജനറൽ ബോഡി യോഗത്തിൽ, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടരുന്നതിനും, ലെറ്റർ ഓഫ് അക്സപ്റ്റൻസ്/ എഗ്രിമെന്റ്/ ടെക്നിക്കൽ സങ്ങ്ഷൻ/ടെണ്ടർ എന്നീ ഘട്ടങ്ങളിലുള്ള പദ്ധതികൾ മുൻഗണനാക്രമം പുനർനിശ്ചയിച്ചപ്രകാരം തുടരുന്നതിനും, ഭരണാനുമതി ലഭിച്ചിട്ടുള്ളതും തുടർന്നുള്ള വിവിധ ഘട്ടങ്ങളിലുള്ളവയുമായ മറ്റു പദ്ധതികൾ ഓരോന്നും പ്രത്യേകം വിലയിരുത്തിയശേഷംമാത്രം മുന്നോട്ടുപോകുന്നതിനും, ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ ഒഴികെയുള്ള ലാൻഡ് അക്വിസിഷൻ പ്രവൃത്തികൾ ഓരോന്നും പ്രത്യേകം വിലയിരുത്തിയശേഷംമാത്രം മുന്നോട്ടുപോകുന്നതിനും എന്നാൽ ലാൻഡ് അക്വിസിഷൻ ആക്ടിലെ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള ലാൻഡ് അക്വിസിഷൻ പ്രവൃത്തികൾ തുടരുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**